## വെണ്ണത്തിലാശാൻ

അങ്ങ് ചൈനയിലെ ഒരു മീൻചന്തയിൽ ജനിച്ച് ഇന്ന് ലോക-മെട്ടാകെ താണ്ഡവമാടി അനേകം ആളുകളുടെ ജീവൻ നഷ്ടപ്പെടാനും അതിന് അത്യധികം ഭീഷണിയാവുകയും ചെയ്ത ഒരു ചെറു ജീവിയാണ് കൊറോണ. ശാസ്ത്രലോകം ഈ കുഞ്ഞനെ ജീവിയായിട്ട് അംഗീകരിച്ചിട്ടില്ല എങ്കിലും നമുക്കങ്ങനെ സങ്കൽപ്പിക്കാം. നാലുമാസങ്ങളാകാം ഇവൻ പിറന്നുവീണിട്ട്. പക്ഷെ ഈ കുറഞ്ഞ വേളയിൽ ഭൂമിയിലെ നൂറ്റിച്ചില്വാനം രാജ്യങ്ങളെ ഇവൻ വേട്ടയാടി. ഈ നിമിഷവും അവന്റെ സാമ്രാജ്യം വികസിച്ചുകൊണ്ടിരിക്കുന്നു.

ഈ കുഞ്ഞൻ പരത്തുന്ന രോഗത്തിനെ മാനവികസമൂഹം കോവിഡ് - 19 എന്ന് നാമകരണം ചെയ്തു. കൊറോണ തന്റെ സാമ്രാജ്യവിക-സനത്തിൽ മുഴുകിയിരിക്കുമ്പോൾ അതിനെ പിടിച്ചു-കെട്ടുന്നുള്ള ശ്രമങ്ങളും തകൃതിയായി നടന്നുവരുന്നു. ഭാരതത്തിൽ, ഇതുവരെയുള്ള രോഗചരിത്രത്തിന്റെയും അനുഭവത്തിന്റെയും പശ്ചാത്തലത്തിൽ തുടക്കം മുതൽ തന്നെ സമ്പൂർണ്ണ അടച്ചിടലാണ് നടത്തിവരുന്നത്. എന്നായാലും ഈ മഹാമാരി വൻ രീതിയിൽ വ്യാപിക്കുമ്പോൾ, സമ്പൂർണ്ണ അടച്ചിടലിൽ നമ്മുടെ ജീവിതം സ്തംഭിക്കുമ്പോൾ, ഈ നഷ്ടങ്ങളെക്കാളുമതെ അത്രയും തൂക്കം ഇല്ലെങ്കിൽക്കൂടിയും ഈ കൊറോണക്കാലത്ത് ഒരു പാട് നല്ല കാര്യങ്ങൾ കൂടി നടക്കുന്നുണ്ട്. ഈ കഥ ഇതിനെ ചുറ്റിപ്പറ്റിയുള്ളതാകുന്നു.

ആദ്യ ഘട്ടത്തിൽ ഞാനുൾപ്പെടെ എന്റെ നാട്ടിൽ പലരും കരുതിയിരുന്നത് ഈ രോഗം ഇവിടെയൊന്നും വരില്ല എന്നായിരുന്നു. പക്ഷെ അപ്രതീക്ഷിതമായി ഒരു വിദേശയാത്രക്കാരനിലൂടെ അത് ഇവിടെയുമെത്തി. എന്നാൽ അദ്ദേഹത്തിന്റെ സമയോചിതവും യുക്തിപരവുമായ ഇടപെടലിലൂടെ ഒരു സമ്പർക്കം പൂർണ്ണമായി ഇല്ലാതാക്കാനായി. ആയതിനാൽ എന്റെ ഈ കൊച്ചു നാട് വളരെയധികം ജാഗ്രതയിലാണ് എന്ന് എടുത്തുപറയേണ്ടതില്ലല്ലോ: സമ്പൂർണ്ണ അടച്ചിടലിൽ എല്ലാ കടകളും അടച്ചിട്ടു. ഇതിൽ കേരളത്തിലെ ഒരു വലിയ വിഭാഗം ആളുകളുടെ ആശ്രയമായ മദ്യശാലകളും ഉൾപ്പെടുന്നു.

എന്റെ വീടിനു മുൻപിൽ താമസിക്കുന്നത് ഒരു ആശാരിയാണ്. ആളുടെ വേരുകൾക്ക് ഒരു തമിഴ് ചുവ ഉണ്ടെങ്കിലും, മദ്യപിച്ച് ആടിനടക്കുമ്പോൾ തമിഴുമായി ബന്ധപ്പെട്ട യാതൊരു പദപ്രയോഗവും ഞാൻ ഇന്നേവരെ കേട്ടിട്ടില്ല. എന്നാൽ മലയാളത്തിലെ അദ്ദേഹത്തിന്റെ ഭാഷാപ്രാവീണ്യം ഞാൻ നല്ല രീതിയിൽ മനസ്സിലാക്കിയിട്ടുണ്ട്. പല രാത്രികളിലും ഇത് എന്റെ ഉറക്കം കെടുത്തിയിട്ടുമുണ്ട്.. നാട്ടിൽ പുള്ളിക്കാരന് 'വെള്ളത്തിലാശാൻ' എന്നൊരു ചെല്ലപ്പേരുണ്ട്.

ആശാന്റെ ഒരു ദിവസത്തെ ക്രിയാവിക്രിയകൾ ഞാൻ ഇവിടെ

ചുരുക്കം ;

രാത്രിയിലെ ഉറക്കക്ഷീണവും മദ്യത്തിന്റെ കെട്ടും അൽപം പോലും നിഴലിക്കാത്ത ഒരു ~~ഉന്മേഷ~~ തേജസ്സാർന്ന മുഖവുമായി കുളിച്ച് കുട്ടപ്പനായി ഏകദേശം ഏഴ് മണിക്ക് റോഡ് സൈഡിൽ കാണും. ജോലിക്കുപോകാനുള്ള ഒരുക്കമാണ്. സ്വഭാവസവിശേഷതകൾ കാരണം കുറഞ്ഞത് രണ്ട് മണിക്കൂറെങ്കിലുമെടുത്ത് ആരുടെയെങ്കിലും വണ്ടിയിൽ ലിഫ്റ്റ് അടിച്ച് ബസ് സ്റ്റാൻഡിലും, തുടർന്ന് പണിസ്ഥലത്തും എത്തുന്നു. വൈകുന്നേരം പണി-യവസാനിപ്പിച്ച് അന്നത്തെ ശമ്പളം അൽപവും ചോരാതെ മദ്യശാലയിലെത്തിക്കുന്നു. തുടർന്ന് വീട്ടിൽ എത്തുന്ന ആശാൻ മറ്റു തടസ്സങ്ങളൊന്നു-മില്ലെങ്കിൽ ഏഴു മണിയോടെ പരിപാടി തുടങ്ങുന്നു. കുറഞ്ഞത് ഒരു മൂന്നു ഗ്ലാസ് കഴിയുമ്പോൾ കക്ഷി വീടിനു പുറത്തിറങ്ങും. പിന്നെ അദ്ദേഹത്തിന്റെ ഭാഷാ പ്രാവീണ്യം നാട്ടുകാർക്ക് മനസ്സിലാക്കി കൊടുക്കും. ഈ പുരപ്പാട്ടിനിടയിൽ നിശ്ചിത ഇടവേളകളിൽ ഇന്ധനം നിറയ്ക്കാനെന്നോണം, അയാൾ അകത്തേക്ക് പോകും. കുപ്പി കാലിയാകുന്നതിനു തൊട്ടുമുൻപ് ഈ പുരപ്പാട്ട് അഴിഞ്ഞാട്ടമായി മാറുന്നു. പൂർണ്ണ നഗ്ന-നായുള്ള ആശാന്റെ ഡിസ്കോ ഡാൻസ് നാട്ടുകാർക്ക് സൗജന്യമാണ്. വീടിനുമുന്നിലുള്ള മീറ്റർ ബോർഡിൽ

ആഞ്ഞടിച്ച് അതിനിടയിൽ കൂടി മണ്ണുവരുത്തുന്നതാകുന്നു അയുന്ന വിനോദം. ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട് എന്തുകൊണ്ട് ഇയാൾക്ക് കറണ്ട് അടിക്കുന്നില്ല എന്ന്. ചിലപ്പോൾ മുറ്റം നിറഞ്ഞു നിൽക്കുന്ന ഷോക്ക് മാത്രം അയാളുടെ കാലുകളെ നിലത്ത് ഉറയ്ക്കുന്നതിൽ നിന്നും രക്ഷിക്കുമായിരിക്കും. പതിനൊന്നോ പന്ത്രണ്ടോ മണി വരെ ഈ പ്രക്രിയ തുടരുന്നു. തുടർന്ന് അബോധാവസ്ഥയിൽ ഭക്ഷണവും ~~ക~~ അകത്താക്കി ആ പാത്രത്തിൽ തന്നെ തല വെച്ച് സുഖമുറക്കം. ആഹാ. അന്തസ്സ്! കുടുംബമൊക്കെ ഉണ്ടെങ്കിലും ആശാന് ഇന്നുവരെ അത് ഒരു ബാധ്യതയായിരുന്നില്ല.
ഈ ലോക് ഡൗൺ കാലത്ത് മേൽപ്പറഞ്ഞ കക്ഷിക്ക് ~~അച്ഛ~~ അഥവാ വെള്ളത്തിലാശാന് സംഭവിക്കുന്ന പരിണാമമാണ് ഈ കഥയുടെ ഇതിവൃത്തം.

എന്റെ വീട്ടുമുറ്റത്തു നിന്നാൽ ആശാന്റെ വീടും , കതക് തല്ലിപ്പൊളിച്ചിട്ടുള്ളതിനാൽ അതിനകവും നന്നായി കാണാനാകും. സത്യത്തിൽ വീട് എന്ന് വിളിക്കുന്നതിൽ അർത്ഥമില്ല. പേരിനുമാത്രം വൈദ്യുതിയുള്ള ഒരു കെട്ടിടം. യാതൊരു സാധനസാമഗ്രിവസ്തുവും അതിനുള്ളിലില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ അതിനെ ആശാൻ മുറയ്ക്ക് നശിപ്പിക്കാറുമുണ്ട്. ഭംഗിയായ ഒരു കാഴ്ചതന്നെ ആ കെട്ടിടം നിലംപൊത്താൻ.

ആശാന്റെ ഭാര്യയും രണ്ട് ആൺമക്കളും ഒരു വേലി-
ക്കപ്പുറമുള്ള ഭാര്യാമാതാവിന്റെ വീട്ടിലാണ് കഴിഞ്ഞുവരുന്നത്.
ആശാന്റെ ദുസ്വഭാവങ്ങളൊന്നും മക്കൾക്കില്ല കേട്ടോ.
പക്ഷെ അയാളുടെ ഭാര്യ ആളൊരു കേമത്തിയാണ്.
ആശാൻ മദ്യത്തിലാറാടുകയും പൂരപ്പാട്ടൊരുക്കുകയും
ചെയ്യുമ്പോൾ പൂർണ്ണ ബോധത്തോടെ തന്നെ ഈ
സ്ത്രീ ആശാന്റെ ചീത്തവിളികളെക്കാളുച്ചത്തിൽ
ചീത്തവിളിക്കുകയും അസഭ്യം പറയുകയും ചെയ്യും.
ഈ സ്ത്രീ കാരണമാണോ ആശാൻ ഇങ്ങനെയായത്
എന്ന് എനിക്ക് സംശയിക്കേണ്ടിവന്നിട്ടുണ്ട്.

ഇപ്പോൾ എനിക്ക് ആശാനെ കാണാം.
അയാൾ മുറ്റത്തു നിന്ന് എന്തോ ചെയ്യുകയാണ്. ഇന്നലെ
രാത്രി വലിച്ചെറിഞ്ഞ സാധനങ്ങൾ അങ്ങനൊക്കെ
പെറുക്കി വെക്കുകയാണെന്ന് തോന്നുന്നു.
ലോകം ലോക്ക് ഡൗണിൽ വിറങ്ങലിച്ചു നിൽക്കു-
കയാണെങ്കിലും ഈ പ്രകൃതിക്കും മറ്റ് ജീവജാലങ്ങൾക്കും
ഇത് ഒരു അനുഗ്രഹമാണത്രേ. ~~ഇന്നലെ വീട്ടുവളപ്പിൽ~~
കഴിഞ്ഞ ദിവസം വീട്ടുവളപ്പിലെ മരത്തിൽ ഞാനൊരു
പുതിയ കിളിയെ കണ്ടു. മനുഷ്യരും വാഹനങ്ങളും
നിരത്തൊഴിഞ്ഞതോടെ ഇവയുടെ സ്വരമാധുര്യം
ഞങ്ങൾക്കിപ്പോൾ പതിവാണ്. പത്രങ്ങളും പറയുന്നു
പലയിടത്തിലും മൃഗങ്ങൾ സുഖലോലുപരായി

ആളൊഴിഞ്ഞ നിരത്തുകളിൽ വിലസുന്നുണ്ടെന്ന്. ഡൽഹിയിലെ അന്തരീക്ഷ മലിനീകരണവും വൻ തോതിൽ കുറഞ്ഞിട്ടുണ്ടത്രെ. മാത്രവുമല്ല കുടുംബാംഗങ്ങളെല്ലാം വീട്ടിൽ തന്നെയുള്ള ഈ സാഹചര്യത്തിൽ ജൈവ കൃഷിയും മറ്റും പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തുകളും മറ്റും ജനങ്ങൾക്ക് സൗജന്യമായി എത്തിക്കുന്നുണ്ട്. സർക്കാരിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

ഞാൻ പത്രത്തിലൂടെ ഒന്നു കണ്ണോടിച്ചു. മരണസംഖ്യ ഒന്നര ലക്ഷം കടന്നിരിക്കുന്നു. ആഹാ! മദ്യാസക്തർക്ക് മദ്യം മരുന്നായി എത്തിക്കാമെന്ന്! കൊള്ളാം, ഇനി ബിവറേജിനു മുന്നിലുള്ള ഹെൽമെറ്റ് തലകൾ ആശുപത്രികളിലും കാണണം. ഭാഗ്യം; ഡോക്ടർമാർ ഇതിനെ എതിർക്കുന്നു എന്നുള്ള കുറിപ്പും ഇതിലുണ്ട്

ഓ, ആശാൻ അകത്തുകയറി. മക്കളും ഭാര്യാ ബന്ധുക്കളും അയാളോട് മിണ്ടാറില്ല. ഇനിമുതൽ എങ്ങനെ എന്നുള്ള ആശയക്കുഴപ്പത്തിലാകും ആശാനെപ്പോലുള്ള തോമീയൻ ഇപ്പോൾ. ആശാന്റെ കാലിന് ചെറിയ വളവുണ്ട്. വളവല്ല എതിർദിശയിലേക്ക് ആ കാലുകൾ മടങ്ങിയിരിക്കുകയാണ്. അതിനാൽ പെട്ടെന്നുള്ള ചലനം പ്രയാസമാണ്. മുറ്റത്തു വന്ന് വേലികെട്ടുന്നുണ്ടായിരുന്ന മകനോട് ആശാൻ പറഞ്ഞു ; "ടാ മോനെ, അവളോട്

ചായ കൊണ്ടുവരാൻ പറേടാ... ". പകൽ വെളിച്ചത്തിൽ ആശാൻ ശബ്ദം വളരെ താഴ്ത്തിയേ സംസാരിക്കാറുള്ളൂ. ഞാൻ വിചാരിച്ചപോലെത്തന്നെ സംഭവിച്ചു. മകൻ ആശാനെ ഗൗനിക്കാതെ തിരിഞ്ഞുനടന്നു. ചിലപ്പോൾ ആശാന്റെ മദ്യപാനശീലം അയാളുടെ കല്യാണാലോചനകൾ മുടക്കുന്നതിലുള്ള ദേഷ്യമാകാം. അല്ലെങ്കിൽ അയാളുടെ കൂടി. സമ്പാദ്യമായ ആ സ്കൂട്ടറിന്റെ ഹെഡ്ലൈറ്റും കണ്ണാടിയും തല്ലിപ്പൊട്ടിച്ചതിനുള്ള വ്യസനമാകും. കുറെ നേരം ആ വരാന്തയിൽ അയാൾ ഇരുന്നു. അപ്പോൾ അയാളുടെ ഭാര്യ കഴിക്കാനുള്ള എന്തോ, ഒരു ഓട്ടുപാത്രത്തിൽ കൊണ്ടു വെച്ചിട്ട് പോയി. ഭക്ഷണം കഴിഞ്ഞ് പിന്നെയും മൗനിയായി അയാൾ അവിടിരുന്നു.

ലോക്ക് ഡൗൺ വിശേഷങ്ങളും ~~[illegible]~~ കൊറോണ കുരുതികളും മാധ്യമങ്ങളും വ്യക്തമാക്കികൊണ്ടിരുന്നു. ആഹാരത്തിനുശേഷം എച്ചിൽക്കൈ, ഇട്ടിരിക്കുന്നതുണിയിൽ തന്നെ തുടച്ചിരുന്ന പലരും. ഇപ്പോൾ സാനിറ്റൈസറിൽ ~~[illegible]~~ നീരാട്ട് നടത്തുന്നു. ആരോഗ്യപ്രവർത്തകർ ഇവ സുലഭമായി എത്തിക്കുന്നുമുണ്ട്. ഓസിന് കിട്ടിയാൽ ആസിഡും അകത്താക്കുന്ന മലയാളിയുടെ മനോഭാവമാണ് ഇതെങ്കിലും, ശുചിത്വം പാലി-

ചെയ്യുന്നുണ്ടല്ലോ, നല്ലത്.
അങ്ങനെ ദിവസങ്ങൾ കടന്നു പോകുന്നു. ഒരു ദിവസം വൈകുന്നേരം വിളക്കുകത്തിക്കുന്നതിനായി മുറ്റത്തുനിന്ന് ഞാൻ പൂക്കൾ പറിക്കുകയായിരുന്നു. ഞാൻ നോക്കിയപ്പോൾ ആശാൻ ചായ കുടിക്കുകയായിരുന്നു. ആ സ്ത്രീ അടുത്തുണ്ട്. എന്തൊക്കെയോ സംസാരിക്കുന്നു. സാധാരണ ഭക്ഷണമൊക്കെ കൊണ്ടുവിടെ വെച്ചിട്ട് അവർ പോകുമായിരുന്നു, വല്ലതും പരസ്പരം സംസാരിക്കുകയാണെങ്കിൽ അത് രാത്രിയിൽ വളരെ ഉച്ചത്തിൽ ചീത്തവിളികളുടെ അകമ്പടിയോടെ-യായിരുന്നു. ഒരുപക്ഷെ എന്നോ അവസാനിച്ച ആ ദാമ്പത്യജീവിതത്തിനുശേഷം പകൽവെളിച്ചത്തിൽ അവർ സംസാരിച്ചിരിക്കുന്നത് ഇന്നായിരിക്കും. എനിക്ക് സന്തോഷമായി ഇത് ചിലപ്പോൾ ആശാന് ഒരു പുതുജീവിതത്തിനുള്ള തുട-ക്കമായിരിക്കാം.
കൊറോണ രാജ്യത്തെ നിശ്ചലമാക്കിയെങ്കിലും തെങ്ങിൻ-തോപ്പിനിടയിലുള്ള ഞങ്ങളുടെ ക്രിക്കറ്റ് കളിക്ക് ഭംഗം വന്നിട്ടില്ലായിരുന്നു. എന്നാലും ഞങ്ങൾ ബഹളമൊന്നും വെക്കാറില്ല. പോലീസും ഡ്രോണും ഇത്തരക്കാരെ തേടി എത്തുന്നുണ്ട് എന്ന് പത്രത്തിൽ കണ്ടിരുന്നു. ഇതുമാത്രമല്ല ചൂണ്ടയിടലും കുളത്തിലെ കളികളുമൊക്കെയായി നാട്ടിലെ പിള്ളേർ ബിസിയാണ്.

ആശാനും ഭാര്യയും ഒന്നിച്ചിരുന്നു സംസാരിച്ചുകൊണ്ട്
ആ ദിവസത്തിന് ഒന്നു രണ്ടു ദിവസങ്ങൾക്ക് ശേഷം,
ഞങ്ങൾ കളിക്കാനായി ഒന്നുകൂടിയപ്പോൾ എന്റെ
ഒരു കൂട്ടുകാരൻ പറഞ്ഞിരുന്നു; ആശാന് മകൻ
പണവും ഒരു പുതിയ റേഡിയോയും വാങ്ങിക്കൊടു-
ത്തെന്നു കണ്ടെന്ന്". ഇത്രയും നാളത്തെ ലോക്ക്
ഡൗൺ കാരണം ആശാന്റെ മദ്യപാനം അൽപം
അറുതി വന്നതിനാലാവണം അദ്ദേഹത്തെ കുടുംബം
അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നു. സാധനങ്ങൾ
കൊടുത്തപ്പോഴും മകൻ ആ അച്ഛന്റെ മുഖത്തു
നോക്കിയിരുന്നില്ല എന്നവൻ ഏറ്റുപറഞ്ഞു.

കൊറോണ പ്രതിസന്ധി
പ്രമാണിച്ച് എല്ലാ വിഭാഗക്കാർക്കും ഭക്ഷ്യധാന്യങ്ങൾ
പൊതുവിതരണ കേന്ദ്രങ്ങൾ വഴി എത്തിക്കുന്നുണ്ട്.
ഒരു ദിവസം ഞാൻ കടയിൽ നിന്നപ്പോൾ, അതാ ആശാൻ
കടയിലേക്ക് വരുന്നു. നടക്കാൻ ആ കാലുകൾ ബുദ്ധിമുട്ടുന്നു.
ഒരു പക്ഷേ വീട്ടിൽ ഒറ്റയ്ക്കിരുന്നു മടുത്തുകാണും.
നിശബ്ദനായി അയാൾ വന്നു സാധനം വാങ്ങുന്നു.
എന്തൊരു വിനയം, എന്തൊരു എളിമ. മനുഷ്യരിൽ
ഇങ്ങനെയൊക്കെ മാറ്റങ്ങൾ സംഭവിക്കുമോ !!!
ഇ.പോസ് മെഷീൻ ആ കൈവിരലുകൾ തിരിച്ചറിയാൻ
ബുദ്ധിമുട്ടിയോ എന്നെനിക്ക് തോന്നി. ഒരു മര്യാദക്കാരനായി

സാധനങ്ങൾ വാങ്ങി അയാൾ തിരിഞ്ഞുനടന്നു. ആശാൻ മടങ്ങിപ്പോയപ്പോൾ അവിടെ നിന്നിരുന്നവർ പലതും പിറുപിറുത്തു. ഈ കാഴ്ച അവർക്കും പുതുമയുള്ളതായിരുന്നു. എന്തായാലും കുടുംബം ആശാനെ അംഗീകരിച്ചു അത്രയും. പെട്ടെന്നൊന്നും സമൂഹം അയാളെ അംഗീകരിക്കണമെന്നില്ല.

ദിവസങ്ങൾ പിന്നെയും കടന്നുപോയി കൊറോണയുടെ താണ്ഡവം രാജ്യാതിർത്തികൾ കടക്കുന്നു. ആരോഗ്യപ്രവർത്തകരും മറ്റും നിസ്വാർത്ഥമായി പരിശ്രമിക്കുന്നു. അവർക്ക് നല്ലൊരു ഹൃദയം നിറഞ്ഞ ആശംസകൾ. അങ്ങനെ വിഷുദിനവും വന്നെത്തി. ലോക്ക് ഡൗൺ കാരണം എനിക്ക് പണികിട്ടിയത് ഇവിടെയാണ്. വരവ് വളരെ കുറഞ്ഞു അമ്മ വീട്ടിൽ പൊങ്കാല ഇളി ഇട്ടു.

എന്റെ കണ്ണുകൾ കണ്ടിട്ടുള്ള ഏറ്റവും നല്ല വിഷുക്കാഴ്ച ഇതാണെന്നു പറയുന്നതിൽ തെറ്റില്ല ; അതാ ആശാന്റെ വീട്ടിൽ കണിയൊരുക്കിയിരിക്കുന്നു. വരാന്തയിൽ ഇരുന്ന് അയാൾ പത്രം വായിക്കുന്നു. മകൻ അകത്തിരുന്ന് മൊബൈലിൽ ആരോടോ സംസാരിക്കുന്നു. ആ സ്ത്രീ മുറ്റമടിക്കുന്നു. ദൈവമേ, എന്താണിത് !!

വൈകുന്നേരം ഞാനും എന്റെ കൂട്ടുകാരും മുറ്റത്തിരുന്നു ഗോലികളിക്കുകയായിരുന്നു. ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് മറ്റൊരു സംഭവം; ഞങ്ങൾ നോക്കിയപ്പോൾ ആ ചേട്ടന്റെ സ്കൂട്ടർ മുറ്റത്തുവെച്ചിരിക്കുന്നു.

അതിൽ പുതിയ ഹെഡ് ലൈറ്റും മറ്റുമുണ്ടായിരുന്നു. ആരോ കൂടി വൃത്തിയാക്കിയിട്ടുമുണ്ട്.

കേരളത്തിലെ പ്രതിരോധപ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ തന്നെ നടക്കുന്നു. ദിനംപ്രതിക്കാം ചുരുങ്ങായുള്ള രോഗത്തിന്റെ കേസുകളും റിപ്പോർട്ട് ചെയ്യുന്നത് കുറയുന്നുണ്ട്. ഇതിനാൽ കേരളത്തിലെ ലോക്ക് ഡൗണിന് ഇളു ഇളവുകൾ വരുത്തുന്നുണ്ട്. പക്ഷേ ഇപ്പോഴും മറ്റു രാജ്യങ്ങളിൽ കൊറോണ വളരെയധികം നാശം വിതയ്ക്കുന്നുണ്ട്. ചിലപ്പോൾ മടിപിടിച്ച് വീട്ടിലിരിക്കാനുള്ള കഴിവ് ഈ രസ്യത്തുള്ളവർക്കുപോലെ മറ്റുള്ളവർക്ക് കാണില്ലായിരിക്കാം. ഇപ്പോൾ ടിവിയിൽ സീരിയലുകൾ ഒന്നും ഇല്ല. എല്ലാം സിനിമകൾ. കേരളത്തിലെ കൊച്ചമ്മമാർ ഒന്നു വിശ്രമിക്കട്ടെ. ഇടവേളയില്ലാത്തതിനാൽ ഒരു സിനിമ കണ്ടശേഷം രാത്രി ഞാൻ മുറ്റത്തു വന്ന് ഓരോന്ന് ആലോചിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. ലോക്ക് ഡൗൺ ഏകദേശം അഞ്ച് ആഴ്ചകൾ പിന്നിടുന്നു. ആശാന്റെ വീട്ടിൽ പുതിയ വല്ല അത്ഭുതവുമുണ്ടോ എന്ന് അറിയാനായി ഞാൻ എന്റെ വീട്ടുമതിലിൽ ചാരിനിന്നു നോക്കി. ഇവിടെ നിന്നാൽ എനിക്ക് എല്ലാം വ്യക്തമാണ്. കതകില്ലെന്നുകരുതി ആശാന്റെയും ഭാര്യയുടെയും ദാമ്പത്യ ജീവിതത്തിലേക്കാണ്

ഞാൻ എന്തിനോക്കുന്നത് എന്ന് ആരും തെറ്റിദ്ധരിക്കരുതേ. അല്ലെങ്കിലും അവർക്ക് ഇനി അതിനൊന്നുമൊന്നും ചെയ്യാനുമില്ല. അൽപം പ്രയാസപ്പെട്ടാണെങ്കിലും ഇപ്പോൾ എനിക്ക് അവരെ നന്നായി കാണാനാകുന്നു. എന്റെ കണ്ണുകൾക്ക് നിരാശപ്പെടേണ്ടിവന്നില്ല. ~~അവ~~ അവർ എല്ലാവരും ചേർന്നിരുന്ന് അത്താഴം കഴിക്കുന്നു. സംതൃപ്തിയുടെ ഒരു പുഞ്ചിരിയാണോ ആ മുഖങ്ങളിൽ? എന്റെ കണ്ണുകളിൽ നനവ് പടരുന്നത് എനിക്ക് അനുഭവപ്പെട്ടു, എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. ആ വീട്ടിൽ വിളക്ക് കത്തിച്ചുവെച്ചിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ഞാൻ തിരികെ വീട്ടിൽ കയറി. ആഹാരം കഴിക്കുകയും ഉറങ്ങാനായി കട്ടിലിൽ കിടക്കുകയും ചെയ്തു. ഉറക്കം വരുന്നില്ല. ~~ആശാന്റെ~~ ജനൽ തുറന്നു നോക്കി. ആശാന്റെ ~~വീട്ടുവരാന്തയിലെ~~ വീട്ടുവരാന്തയിലെ കത്തിച്ചുവെച്ചിരിക്കുന്ന വിളക്ക് എനിക്ക് കാണാം. സാധാരണ, വിളക്ക് തനിയെ അണയുന്നതിനു മുൻപേ നമ്മൾ അണയ്ക്കും. ഇവിടെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഈ പ്രകാശം അണയ്ക്കാൻ അവർക്കാകുന്നില്ലായിരിക്കും. വാതിലിന്റെ അപ്പുറത്ത് ആ വീടില്ലെങ്കിലും സമാധാനത്തോടെ, സംതൃപ്തിയോടെ ആ കുടുംബം ഉറങ്ങുന്നു. ഏതോ പൗരാണിക കാലത്തെ ഗൃഹജീവിതത്തെ ഓർമിപ്പിക്കുന്ന ഒരു കെട്ടിടമായിരുന്നു ലോക്ക് ഡൗണിന് മുൻപു വരെ ഇത്. എന്നാൽ ഇന്ന്

ഈ കെട്ടിടം ഒരു വീടായിരിക്കുന്നു. ഇനി ലോക്ക്ഡൗൺ കഴിഞ്ഞാലും കൊറോണ മടങ്ങിപ്പോയാലും മദ്യശാലകൾ തുറക്കുകയാണെങ്കിലും അയാൾ മദ്യം വാങ്ങുമെന്ന് ഞാൻ കരുതുന്നില്ല. ജീവിതത്തിന് മദ്യത്തേക്കാൾ ലഹരി ഉണ്ടെന്ന് അയാൾക്ക് മനസ്സിലായിക്കാണും. മലയാളിയുടെ മുഖത്തെ ശോഭയ്ക്ക് ഭംഗം വരുത്തുന്ന മദ്യപാനം എന്ന വ്യാധിയെ, അയാളെ പോലെ എല്ലാ പൗരന്മാർക്കും കീഴ്പ്പെടുത്താനാകട്ടെ. കൊറോണയും മറ്റു വ്യാധികളും ഇല്ലാത്ത ഒരു പുത്തൻ പുലരിക്കായി, സർവ്വമാനവർക്കും ഞാൻ ശുഭരാത്രി നേരുന്നു.

മംഗളം

ശുഭം ......